**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3621** **02-03-2023 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ മിഷനിലെ കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ മിഷനിലെ വിവിധ പ്രോജക്ടുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ രണ്ട് കരാർ കാലാവധിക്കിടയിലുള്ള ബ്രേക്ക് ഓഫ് സർവീസ് ശൂന്യവേതന അവധിയായി ക്രമീകരിച്ച് നൽകിയ സാമൂഹ്യ സുരക്ഷാ മിഷന്റെ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സാമൂഹ്യ സുരക്ഷാ മിഷനിലെ വിവിധ പ്രൊജക്ടുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ രണ്ട് കരാർ കാലാവധിക്കിടയിലുള്ള ബ്രേക്ക് ഓഫ് സർവ്വീസ് ശൂന്യ വേതന അവധിയായി ക്രമീകരിച്ച് നൽകിയ സാമൂഹ്യ സുരക്ഷാ മിഷന്റെ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | ബ്രേക്ക് ഓഫ് സർവീസുകൾ ശൂന്യ വേതന അവധിയായി ക്രമീകരിച്ച് നൽകിയതുമൂലം ജീവനക്കാർക്ക് ഏതെല്ലാം ആനുകൂല്യങ്ങൾ ആണ് ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | ബ്രേക്ക് ഓഫ് സർവ്വീസുകൾ ശൂന്യ വേതന അവധിയായി ക്രമീകരിച്ച് നൽകിയതു മൂലം വയോമിത്രം കോഓർഡിനേറ്റർ/SID ജില്ലാ കോ ഓർഡിനേറ്റർ തസ്തികയിൽ ജോലി ചെയ്തിരുന്ന ചില ജീവനക്കാർക്ക് പ്രസ്തുത കാലയളവ് കണക്കിലെടുത്തുകൊണ്ട് സീനിയോറിറ്റി നിശ്ചയിച്ച് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കോ ഓർഡിനേറ്ററായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ജീവനക്കാർ കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ ഇപ്പോഴും ജില്ലാ കോഓർഡിനേറ്ററായി തുടരുന്നു. |
| (ഡി) | പ്രസ്തുത ആനുകൂല്യങ്ങൾ റദ്ദ് ചെയ്യുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | (ഡി) | ബ്രേക്ക് ഓഫ് സർവ്വീസ് ശൂന്യ വേതന അവധിയായി ക്രമീകരിച്ച് നൽകിയതു മൂലം ജീവനക്കാർക്ക് ആനുകൂല്യങ്ങൾ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട കെ.എസ്.എസ്.എം. എക്സിക്യൂട്ടീവ് ഡയറക്ടറുടെ 26.11.2022 ലെ A1/31/2022 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ